**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **13-02-2025 - ൽ മറുപടിയ്ക്ക്**

**ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സംഗീത ജലധാര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ (പ്ലാനറ്റോറിയം) സംഗീത ജലധാരയും ലേസർ പ്രദർശനവും നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ എന്നു മുതലാണ് ഇവ പ്രവർത്തിക്കാതായത് എന്നറിയിക്കുമോ; | (എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സംഗീത ജലധാര, ആഡിയോ സിസ്റ്റത്തിന്റെ തകരാറ് മൂലം 25.7.2023 മുതൽ ഷോ മുടങ്ങുകയും പ്രസ്തുത തകരാറ് പരിഹരിച്ച് 2024 ജൂലൈ മുതൽ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിരുന്നു. |
| (ബി) | സംഗീത ജലധാരയും ലേസർ പ്രദർശനവും പ്രവർത്തിക്കാത്തതിനാൽ നാളിതുവരെ എത്ര രൂപ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്; ആയത് പ്രവർത്തനക്ഷമമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ? | (ബി) | ശാസ്ത്ര സാങ്കേതിക മ്യൂസിയത്തി**ൽ** 12 വർഷത്തിലേറെയായി സ്ഥാപിച്ച സംഗീത ജലധാര ഒരുവർഷത്തോളമാണ് പ്രവർത്തിക്കാതിരുന്നത്. ഈ ഇനത്തിൽ ഏകദേശം 73,200 രൂപയോളം വരുമാന നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.<br><br>സംഗീത ജലധാര പ്രവർത്തനക്ഷമമാക്കാൻ 2.5 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരുന്നത്. പ്രസ്തുത പ്രവൃത്തി ടെണ്ടർ നടപടി സ്വീകരിച്ച്, മ്യൂസിയത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയേ ചെയ്യാൻ കഴിയുകയുള്ളൂ എന്നതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ